# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 500

09.02.2016 ൽ മറുപടിയ്ക്ക്

## സാഗര ആശുപത്രിയിലെ കാത്ത് ലാബ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ജി.സുധാകരൻ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സാഗര ആശുപത്രിയിൽ എച്ച്.എൽ.എൽ- ൽ നിന്നും കാത്ത് ലാബ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടോ; ഉപകരണങ്ങൾ എന്നാണ് സാഗര ആശുപത്രിയിൽ എത്തിച്ചേർന്നത്; | (എ) | എച്ച്.എൽ.എൽ. നിന്നും കാത്ത് ലാബ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. 05.12.2011 ൽ |
| (ബി) | സാഗര ആശുപത്രിയിൽ എച്ച്.എൽ.എൽ-ൽ നിന്നും വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെയോ പ്രവർത്തിക്കാതെയോ വച്ചിരിക്കുന്നതിന് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശം ഉണ്ടായിട്ടുണ്ടോ; ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. പരാമർശത്തിന്റെ പകർപ്പ് അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | എച്ച്.എൽ.എൽ-ൽ നിന്നും വാങ്ങിയ ഉപകരണങ്ങൾ ദീർഘകാലം ഉപയോഗിക്കാതെ വച്ചിരുന്നതിനെ തുടർന്ന് വാറന്റി കാലാവധി കഴിഞ്ഞുപോയി പ്രവർത്തനക്ഷമമല്ലാതായി തീർന്നിട്ടുണ്ടോ; ഇക്കാര്യം സംബന്ധിച്ച് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ | (സി) | പ്രവർത്തനക്ഷമമല്ലാതായി തീർന്നിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ/ഡോക്ടർമാർ കേപ്പ് ഡയറക്ടറെ രേഖാമൂലം അറിയിച്ചിട്ടില്ല. |

/ഡോക്ടർമാർ കേപ്പ് ഡയറക്ടറെ രേഖാമൂലം അറിയിച്ചിരുന്നുവോ; ഇതിന്റെ അടിസ്ഥാനത്തിൽ കേപ്പ് ഡയറക്ടർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

| | | | |
|---|---|---|---|
| (ഡി) | സാഗര ആശുപത്രി ഏതെങ്കിലും സ്വകാര്യ ആശുപത്രിയെ ഏല്പിച്ച് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഹൃദയശസ്ത്രക്രിയാ വിഭാഗം നടത്തുന്നതിന് ഏതെങ്കിലും സ്വകാര്യ ആശുപത്രിയുമായോ ഡോക്ടർമാരുമായോ ധാരണാപത്രം ഒപ്പിട്ടിരുന്നോ; ഉണ്ടെങ്കിൽ ധാരണാപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | ഹൃദയ ശസ്ത്രക്രിയാ വിഭാഗം പ്രവർത്തനക്ഷമമാക്കുന്നതിന് ആരുമായും ധാരണാപത്രം ഒപ്പിട്ടിട്ടില്ല. എന്നാൽ കാത്ത് ലാബ് പ്രവർത്തനക്ഷമമാക്കുന്നതിന് കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസുമായി 16.09.2015 ൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു. |
| (ഇ) | ധാരണാപത്രം അനുസരിച്ച് ഹൃദയശസ്ത്രക്രിയാ വിഭാഗം പ്രവർത്തിപ്പിക്കുവാൻ കഴിയാതെ വന്നതിന് കാരണം വിശദമാക്കാമോ? | (ഇ) | ചില പത്രമാധ്യമങ്ങളിൽ വന്ന തെറ്റായ വാർത്തയെ തുടർന്ന് ധാരണാപത്രം പ്രകാരമുള്ള പ്രവർത്തനം ആരംഭിക്കുന്നതിൽ നിന്നും അമൃതാ ആശുപത്രി പിൻമാറുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**